# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## തൊഴിലുറപ്പുപദ്ധതി വഴി മാലിന്യ നിർമ്മാർജ്ജനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4541

28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ്/ ആരോഗ്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട മാനില്യ നിർമ്മാർജ്ജനം, സംസ്കരണം, പൾസ് പോളിയോ, കൊതുകു നിവാരണം എന്നിവയ്ക്കുള്ള ഫിൽഡ് തല വോളന്റിയർ പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ്; അറിയിക്കുമോ; | (എ) & (ബി) | കേന്ദ്ര മാനദണ്ഡമനുസരിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ശുചിത്വ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വ്യക്തിഗത കക്കൂസ്/ സർക്കാർ സ്കൂൾ/ അങ്കൺവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം ഖര-ദ്രവ മാലിന്യ പരിപാലനം, കമ്പോസ്റ്റ് കുഴിയെടുക്കൽ എന്നീ പ്രവർത്തനങ്ങൾ മാത്രമേ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. |
| (ബി) | ആയതിന്മേലുള്ള സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായി ഉപയോഗ യോഗ്യമാക്കുന്നതിന് ആലോചന നടത്തിയിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | സംസ്ഥാനത്തിന്റെ ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്കിണങ്ങുന്നതും ഉല്പാദന മേഖലയ്ക്ക് കൂടുതൽ |

| | | | |
|---|---|---|---|
| | | | ഉണർവ്വേകുന്നതും പാവപ്പെട്ടവരുടെ ജീവനോപാധികൾ മെച്ചപ്പെടുത്താനുതകുന്നതുമായ ചില പ്രവൃത്തിയിനങ്ങൾകൂടി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തേണ്ടതാണെന്നും പദ്ധതിയിലെ കൂലി നിരക്ക് സംസ്ഥാനത്ത് നിലവിലുള്ള കുറഞ്ഞ കർഷകതൊഴിലാളികളുടെ വേതനത്തിന് തുല്യമാക്കണമെന്നുമുള്ള ആവശ്യം ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ ചുവടെ പറയുന്ന കാര്യങ്ങൾ അനുകൂല തീരുമാനത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടിട്ടുണ്ടെങ്കിലും കേന്ദ്രതീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല.<br>1. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രതിദിന വേതനം 200/-രൂപയാക്കുക<br>2. തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ലെ അനുവദനീയമായ പ്രവൃത്തിയിനങ്ങളിൽ ചുവടെ പറയുന്നവ ഉൾപ്പെടുത്തുക<br>i. എസ്.സി/എസ്.റ്റി, ബി.പി.എൽ, ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക<br>ii. പാവപ്പെട്ടവരുടെ സ്വയംസഹായസംഘങ്ങൾ പാട്ടത്തിന് എടുത്ത ഭൂമിയിലെ കാർഷിക പ്രവർത്തനങ്ങൾ<br>iii. ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളിലെ തോട്ടവിള കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>iv. 10 ഹെക്ടറോ അതിനു താഴെയുള്ള ചെറുകിട തോട്ടങ്ങളിലെ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | v ക്ഷീരകർഷകർ, കയർ/ കൈത്തറി/മറ്റ് പരമ്പരാഗത തൊഴിലാളികൾ എന്നിവരുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ<br>vi. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ പ്രവൃത്തികൾ<br>vii. വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ |

സെക്ഷൻ ഓഫീസർ